LIBRARY ARCHIVES Kerala Legislative Assembly

## ചെറുകിട വ്യവസായങ്ങൾക്ക് ഓൺലൈൻ ലൈസൻസ്

10 (*340) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട വ്യവസായങ്ങൾക്ക് ഓൺലൈൻ ലൈസൻസ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നുള്ള വിശദാംശങ്ങൾ നൽകുമോ ;

(സി) ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുകവഴി നിലവിലെ നിയമത്തിൽ ഭേദഗതിക്കായി എന്തെല്ലാം നടപടി എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ ; ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ചെറുകിട വ്യവസായങ്ങൾക്ക് കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിന്റെ കീഴിൽ ഏകജാലക സംവിധാനത്തിലൂടെ ലൈസൻസുകൾ ലഭ്യമാക്കുന്നതിന് ഓൺലൈൻ ലൈസൻസ് സംവിധാനം ഏർപ്പെടുത്തുന്നതിന് ഉത്തരവായിട്ടുണ്ട്.

(ബി) പദ്ധതിക്കാവശ്യമായ ക്ലിയറൻസുകൾ ലളിതമായും സമയബന്ധിതമായും കൂടുതൽ സുതാര്യതയോട് കൂടിയും ഓൺലൈൻ മുഖേന ലഭ്യമാക്കുക എന്നത് ഈ സംവിധാനം നടപ്പിലാക്കുന്നതിലൂടെ ലക്ഷ്യമിടുന്നു.

(സി) ഇക്കാര്യം സർക്കാർ പരിശോധിച്ച് വരുന്നു. ആയതിനാൽ ഇതിന്റെ വിശദാംശങ്ങൾ സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല.

## പൂർത്തിയാകാത്ത ചെറുകിട ജലവൈദ്യുത പദ്ധതികൾ

11 (*341) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൂർത്തിയാകാത്ത ചെറുകിട ജലവൈദ്യുത പദ്ധതികളുണ്ടോ ; ഇവ ഓരോന്നും ഏതെല്ലാം കാലയളവുകളിൽ പൂർത്തിയാക്കേണ്ടതായിരുന്നു ; വിശദാംശം ലഭ്യമാക്കുമോ ;